"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ- ബഹു.മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിയുടെ ഒന്നാം ഗഡു പലിശ സബ് സിഡി വിഹിതമായ 165,03,75,872/-രൂപ 2515-800-48- ബജറ്റ് ശീർഷകത്തിൽ നിന്നും പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.801/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 29/03/2021

---

പരാമർശം:- 1 04.04.2020 തീയതിയിലെ സ.ഉ(കൈ)നം.736/2020/തസ്വഭവ.

2 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.10.2020-ലെ 8943/സി/18/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

3 01.03.2021 തീയതിയിലെ സ.ഉ(സാധാ)നം.1934/2021/ധന.

<u>ഉത്തരവ്</u>

കോവിഡ് കാലത്തെ ലോക്ക് ഡൗൺ മൂലമുണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി പരാമർശം (1) പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി പ്രഖ്യാപിച്ചു കൊണ്ട് ഉത്തരവ് ഇറക്കിയിരുന്നു. ടി പദ്ധതിയുടെ ഒന്നാം ഗഡു പലിശ സബ് സിഡി വിഹിതമായി 165,03,75,872/- കോടി രൂപ അനുവദിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (2) മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന (3) ലെ ഉത്തരവ് പ്രകാരം 2515-800-48 എന്ന ബജറ്റ് ശീർഷകത്തിൽ അധികധനാനുമതിയായി അനുവദിച്ച 165,03,75,872/-(നൂറ്റി അറുപത്തിയഞ്ചു കോടി മൂന്നു ലക്ഷത്തി എഴുപത്തി അയ്യായിരത്തി എണ്ണൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) പിൻവലിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി 06.04.2021-ന് ശേഷം മാത്രം സ്വീകരിക്കേണ്ടതാണ്.

(3) തദ്ദേശസ്വയംഭരണ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ടി തുക കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ എസ്.ബി.ഐ. മെഡിക്കൽ കോളേജ് ബ്രാഞ്ചിലുള്ള 57027231038 (IFS code: SBIN0070029) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ് :- എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ), കേരള തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള

തിരുവനന്തപുരം

ധനകാര്യ വകുപ്പ്( Dev-2/200/2020-FIN )പ്രകാരം

തദ്ദേശസ്വയംഭരണ(എഫ്.എം)വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ